**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4129** **28-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | **അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ട്. അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്യുവരും 62 വയസ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും, ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും സ.ഉ(എം.എസ്)നം. 33/2012/സാക്ഷേവ തീയതി 31/05/2012 പ്രകാരം പ്രതിമാസ പെൻഷൻ നൽകി വരുന്നു.** |
| (ബി) | പെൻഷൻ പദ്ധതിയിലേക്കോ മറ്റ് ക്ഷേമ പദ്ധതികളിലേക്കോ ഇവരിൽ നിന്നും വിഹിതം ശേഖരിക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് ശേഖരിക്കുന്നത്; | (ബി) | **അങ്കണവാടി വർക്കർ/ഹെൽപ്പർമാരിൽ നിന്നും പ്രതിമാസം ക്ഷേമനിധി വിഹിതം ശേഖരിക്കുന്നുണ്ട്. പ്രതിമാസം അങ്കണവാടി വർക്കർമാരിൽ നിന്നും 500/- രൂപയും ഹെൽപ്പർമാരിൽ നിന്നും 250/- രൂപയും ശേഖരിക്കുന്നുണ്ട്.** |
| (സി) | ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ/വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ? | (സി) | **അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ/വിരമിക്കൽ ആനുകൂല്യങ്ങൾ നല്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല.** |

സെക്ഷൻ ഓഫീസർ